ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എ.സി.ഡി/എസ്.പി.സി/1/64449/എച്ച്.എസ്.ഇ/09 തീയതി: 22.01.2010

## സർക്കുലർ

വിഷയം : ക്രിസ്ത്യൻ/മുസ്ലീം വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് & ജില്ലാമെറിറ്റ് സ്കോളർഷിപ്പ് – സംബന്ധിച്ച്.

### പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

2008–09 സാമ്പത്തികവർഷം മുസ്ലീം/ക്രിസ്ത്യൻ സമുദായത്തിലെ 12000–ൽപരം വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കിയിരുന്നു. തുടർന്ന് സ്കോളർഷിപ്പ് ലഭിക്കുവാൻ 'പുതുക്കൽ' അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന 3003 വിദ്യാർത്ഥികൾ മാത്രമേ ഇതുവരെ പുതുക്കൽ അപേക്ഷ (Renewal Application) അയച്ചിട്ടുള്ളൂ എന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്കോളർഷിപ്പ് ഓഫീസർ അറിയിച്ചു.

2008–09 വർഷത്തിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റും അപേക്ഷ പുതുക്കിയ വിദ്യാർത്ഥികളുടെ ലിസ്റ്റും dcescholarships.kerala.gov.in ൽ ലഭ്യമാണ്. എല്ലാ ഹയർസെക്കന്ററി സ്ക്കൂൾ പ്രിൻസിപ്പൽമാരും കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ മുകളിൽ പറഞ്ഞിരിക്കുന്ന വെബ്സൈറ്റ് പരിശോധിച്ച് തങ്ങളുടെ സ്കൂളിലെ കുട്ടികൾ അപേക്ഷ ഇതുവരെയും പുതുക്കിയിട്ടില്ലെങ്കിൽ അപേക്ഷ പുതുക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതാണ്.

### ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്

2009–10 വർഷത്തെ ജില്ലാ മെറിറ്റ് സ്കോളർഷിപ്പിനായുള്ള അപേക്ഷ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുന്നതോടൊപ്പം ടി.വിദ്യാർത്ഥികൾ ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവികളും ഓൺലൈൻ വഴി സബ്മിറ്റ് ചെയ്യണം എന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധാരാളം സ്ഥാപനങ്ങൾ ഇതുവരെയും ഓൺലൈൻ സബ്മിഷൻ നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് dcescholarships.kerala.gov.in – ൽ ലഭ്യമാണ്. ഇതുവരെയും

ഓൺലൈൻ സബ്മിഷൻ നടത്താത്ത ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ മുകളിൽ പറഞ്ഞിരിക്കുന്ന വെബ്സൈറ്റ് പരിശോധിച്ച് ഓൺലൈൻ സബ്മിഷൻ അടിയന്തിരമായി നടത്തേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് യഥാസമയം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചു എന്ന് എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും ഒരിക്കൽകൂടി ഉറപ്പുവരുത്തേണ്ടതാണ്.

ഡയറക്ടർ

പകർപ്പ്:

1. എല്ലാ ഹയർസെക്കന്ററിസ്കൂൾ പ്രിൻസിപ്പൽമാർക്കും
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
3. സ്കോളർഷിപ്പ് ഓഫീസർ, കോളേജ് വിദ്യാഭ്യാസവകുപ്പ്
4. ഫയൽകോപ്പി/സ്റ്റോക്ക് ഫയൽ